**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 500** **23-07-2021 - ൽ മറുപടിയ്ക്ക്**

**ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിൽ നിരവധി ഗർത്തങ്ങൾ ഉണ്ടായതും തന്മൂലം റോഡ് ഗതാഗതയോഗ്യമല്ലാതായിത്തീർന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും റോഡിന്റെയും നിർമ്മാണത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് 2019 -ൽ ഒരു Permenant Technical Committee രൂപീകരിക്കുകയും പ്രവൃത്തിയിലെ പോരായ്മകൾ വിലയിരുത്തുന്നതിനായി ഈ സമിതി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), തൃശ്ശൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കൃത്യമായി ന്യൂനതകൾ വിലയിരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതുസംബന്ധിച്ച് വിശദമായി പരിശോധന നടത്തി അപാകതകളും ന്യൂനതകളും പരിഹരിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രസ്തുത റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് 2019 -ൽ ഒരു Permenant Technical Committee രൂപീകരിക്കുകയും പ്രവൃത്തിയിലെ പോരായ്മകൾ വിലയിരുത്തുന്നതിനായി ഈ സമിതി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), തൃശ്ശൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കൃത്യമായി ന്യൂനതകൾ വിലയിരുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ